## EID- UL-ADHA SERMON ഈദുൽ അദ്ഹ ഖുത്തുബ

**Hazrat Khalifathullah Munir Ahmad Azim (A)**

**02 September 2017 / 10 Dhul Hijjah 1438 Hijira)**

# Ibrahim (as) “Remarkable Example of Fidelity”

# ഇബ്റാഹീം (അ) ആത്മാർത്ഥതയുടെ മകുടോദാഹരണം !

ഈദുൽ അദ്ഹ ഹസ്രത് ഇബ്റാഹീം (അ) ന്റെ യും ഹസ്രതു ഇസ്മായീൽ (അ) ന്റെയും മഹത്തായ ത്യാഗത്തെ അനുസ്മരിക്കുന്ന ദിനമായി ആഘോഷിക്കുന്നു. തീർച്ചയായും ഇബ്രാഹീം (അ) ആത്മാർത്ഥതയുടെ എല്ലാ പടവുകളും കയറിയ ആൾ തന്നെയാണ്. ആത്മീയ വൃത്തത്തിൽ അല്ലാഹുവിന്റെ കണ്ണുകളിൽ ഹസ്രത് ഇബ്രാഹീം (അ) ന് അത്തരം ഒരു പദവിയിൽ എത്തിച്ചേരുവാൻ കഴിയുമായിരുന്നില്ല ! അദ്ദേഹം പരിശുദ്ധിയും, ശുചിത്വവും, ആത്മാർത്ഥതയും പ്രകടിപ്പിച്ചില്ലായിരുന്നുവെങ്കിൽ ! മാത്രമല്ല അല്ലാഹുവിന്റെ അടുത്ത സ്നേഹിതനും, അല്ലാഹുവിന്റെ അടുത്ത ദാസനുമായി തീരുവാനും കഴിയുമായിരുന്നില്ല.

ആത്മാർത്ഥയുടെ സമസ്ത പടവുകളും അദ്ദേഹം ചവിട്ടിക്കയറി, തന്റെ ഹൃദയം പരിശുദ്ധമാക്കി എടുത്തു ; അല്ലാഹു അല്ലാത്ത സകലതിനെയും അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്നും നീക്കം ചെയ്തു. എന്നിട്ട് ഹൃദയം അല്ലാഹുവിനോടുള്ള സ്നേഹം കൊണ്ട് നിറച്ചു : എന്നിട്ട് അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസൃതമായി അതു പ്രവർത്തിക്കുവാൻ തുടങ്ങി. ഹസ്രത് ഇബ്രാഹിം (അ) ഈ വഴിയെ സംരക്ഷിച്ചു, എന്നിട്ട് പ്രസ്തുത വഴിയിൽ അദ്ദേഹം ഉറച്ചു നിന്നു. ഒടുവിലതാ തന്റെ പ്രിയമകനെ ദൈവ വഴിയിൽ ബലി അർപ്പിക്കുന്നതായി സ്വപ്നം കാണുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്വപ്നത്തെ പറ്റി പലവ്യഖ്യാനങ്ങൾ നല്കുവാൻ അദ്ദേഹം തയ്യാറായതുമില്ല. എന്നാൽ അല്ലാഹുവിലുള്ള അദ്ദേഹത്തിന്റെ വിശ്വാസം സുദൃഢതരമായിരുന്നുതാനും ! ആയതിനാൽ , അദ്ദേഹം തന്റെ പ്രിയ മകനെ, തന്റെ കൈ കൊണ്ടു തന്നെ ബലി അർപ്പിക്കുവാൻ തയ്യാറാവുകയുണ്ടായി.

ഇതു സംബന്ധമായി ഗാഢമായി ഒന്നു ചിന്തിക്കുക ! എന്തെങ്കിലും ഒരു രോഗം ബാധിച്ച് തന്റെ മകൻ പെട്ടെന്ന് മരണപ്പെട്ടു എന്നു കരുതുക. അപ്പോൾ പ്രസ്തുത മനുഷ്യന്റെ അവസ്ഥ എന്തായിരിക്കും ? അല്ലാഹുവിനെ സംബന്ധിച്ച് അവൻ സംശയാലുവായി തീരുവാൻ സാധ്യതയുണ്ട്. അവൻ അല്ലാഹുവിനെ തിരിൽ എല്ലാ വിധ പരാതികളും എതിർപ്പുകളും ഉതിർക്കുവാൻ തുടങ്ങും.

ഹസ്രത് ഇബ്റാഹിം (അ) ന് മകനോട് തനിക്കുണ്ടായിരുന്ന എല്ലാ സ്നേഹവായ്പും മാറ്റി വെച്ച് അല്ലാഹുവിനോട് തനിക്കുള്ള സ്നേഹാവായ്പിന് മുൻഗണന കൊടുത്തു. ഇത്തരം വ്യക്തിക്ക് അല്ലാഹു ഒന്നും നഷ്ടപ്പെടുവാൻ അനുവദിക്കുകയില്ല. അപ്പോൾ അത്തരം വ്യക്തി അല്ലാഹുവിന്റെ സ്നേഹിത നായി മാറുന്നു.

വിശുദ്ധഖുർ ആൻ പരായണം ചെയ്യുമ്പോൾ നിങ്ങൾക്കു മനസ്സിലാകും അല്ലാഹുവിനോട് അദ്ദേഹത്തിന് എത്ര മാത്രം സ്നേഹമുണ്ടായിരുന്നു വെന്ന് ! തിരിച്ച് അല്ലാഹു (ത) അദ്ദേഹത്തിന് വേണ്ടി വെളിപാടുകളുടെ കെട്ടഴിക്കുക യുണ്ടായി. അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽ നിന്ന് പ്രവാചകന്മാരെ നിയോ ഗിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരും ഇസ്ഹാഖ് (അ) ഉം ഇസ്മായീൽ (അ) ഉം പ്രവാചകന്മാരായിരുന്നു. അവരിലൂടെ (അവരുടെ രക്തവ ഴിയിലൂടെ) അനേകം പ്രവാചകന്മാർ വന്നു. ഇബ്റാഹീം (അ) ന്റെ ജീവിത മാതൃ കയിൽ, മാനവകുലത്തിനാകമാനം ഒരു പാഠമുണ്ട്. ആത്മാർത്ഥതയുടെയും നിഷ്ക്കളങ്കതയുടെയും പാഠം. ആത്മാർത്ഥതയുടെയും നിഷ്ക്കളങ്കതയുടെയും പ്രതീകമായി ഇബ്രാഹീം (അ) യെ വിശേഷിപ്പിക്കപ്പെടുന്നു.

അല്ലാഹുവിനോട് നിഷ്ക്കളങ്കത പ്രകടിപ്പിക്കുന്നതിന്, സത്യതയും വിശ്വാ സ്യതയും കാണിക്കുന്നതിന്, ഈ ലോകജീവിതത്തിലെ എല്ലാ വിധ സന്തോഷ ങ്ങൾക്കും, ഒരു മരണം ആവശ്യപ്പെടുകയാണ്. നിങ്ങൾ അപമാനങ്ങളിലൂടെയും പ്രയാസങ്ങളിലൂടെയും കടന്നു പോകേണ്ടതുണ്ട്. നിങ്ങളുടെ ഹൃദയത്തിൽ കടന്നു കൂടിയിട്ടുള്ള എല്ലാവിധ വിഗ്രഹങ്ങളെയും തച്ചുടയ്ക്കേണ്ടതായിട്ടുണ്ട്. ഇതിന് നിങ്ങൾ തയ്യാറാവേണ്ടതുണ്ട്. പ്രസ്തുത പരംപൊരുളിനെ പ്രാപിക്കു വാൻ ! ഈ വിഗ്രഹങ്ങൾ നിങ്ങളുടെ സകലതും അവയ്ക്കായി സമർപ്പിക്കുവാൻ ആവശ്യപ്പെടുന്നു. അതുകൊണ്ട് തന്നെ അവയെ നിങ്ങളുടെ ഹൃദയങ്ങളിൽ നിന്ന്

നീക്കം ചെയ്യുക. വിഗ്രഹാരാധന എന്നത് ഒരു ഫോട്ടോയോ, ഒരു പ്രതിമയോ, സൂര്യനെയോ, ചന്ദ്രനെയോ തുടങ്ങിയവയെ ആരാധിക്കുക എന്നതു മാത്രമല്ല, ശരിയാണ് നിങ്ങൾ ഇവയുടെ മുമ്പിലൊന്നും പ്രാർത്ഥിക്കുന്നില്ല. എന്നാൽ നിങ്ങൾ മനസ്സിലാക്കണം. നിങ്ങളിൽ കടന്നു കൂടിയ വിഗ്രഹാരാധനയ്ക്ക് പലമുഖങ്ങളുണ്ട്. ദൈവത്തേക്കാൾ സ്നേഹം മറ്റെന്തിനു കൊടുത്താലും അത് വിഗ്രഹാരാധന തന്നെയാണ്. ഇന്ന് മുസ്ലിംകൾ പൊതുവിലും, അഹ്മദികൾ പ്രത്യേകിച്ചും അല്ലാഹു (ത) പറഞ്ഞതിനെ കുറിച്ച് അശേഷം ശ്രദ്ധിക്കുന്നില്ല. അവരുടെ വിഗ്രഹം അതായത് അവരുടെ / ഖലീഫ എന്തുപറയുന്നു എന്നു മാത്രമാണ് പരിഗണിക്കുന്നത്. അത്തരം ഹൃദയങ്ങളിൽ അല്ലാഹുവിനോടുള്ള സ്നേഹം എങ്ങനെ പ്രവേശിക്കുവാനാണ് ? നോക്ക് ! അല്ലാഹുവിന്റെ ദാസനോട് അവർ ശത്രുത വെച്ചു പുലർത്തുന്നു എന്നത് അവർക്കു തന്നെയുള്ള ഒരു ദൃഷ്ടാന്തമാണ് ! അതോടൊപ്പം അവരുടെ വിഗ്രഹങ്ങളോട് അവർ സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു !

ഇന്ന് നിങ്ങൾ ഈദുൽ അദ്ഹ ആഘോഷിക്കുകയാണ്. ഈ ആഘോഷം ഒരു മൃഗത്തെ അറുക്കുകയും അതിന്റെ മാംസം കഴിക്കുകയും ചെയ്യുക എന്നതല്ല എന്ന് മനസ്സിലാക്കണം ; ഈ മഹത്തായ ഈദിനെ സംബന്ധിച്ച് ഓരോരുത്തരും ഗാഢമായി ചിന്തിക്കേണ്ടതാണ്, ഇത് മഹാനായ ഇബ്രാഹീം (അ) ചെയ്ത ത്യാഗനിർഭരമായ പ്രവർത്തനത്തിന്റെ ഫലമായി ഈ ഉമ്മത്തിന്റെ മേൽ അല്ലാഹു (ത) അവന്റെ ഒരുനുഗ്രഹം ഇതിലൂടെ വർഷിച്ചിരിക്കുകയാണ്. അല്ലാഹു (ത) യ്ക്ക് അറിയാം, ഇബ്രാഹീം (അ) യുടെ ഹൃദയത്തെക്കുറിച്ച് ! അവന് അറിയാം ഇബ്റാഹീമിന് തന്നോട് എത്രമാത്രം സ്നേഹം ഉണ്ടെന്ന് ! തന്റെ മകനോടും ഭാര്യയോടും ഉണ്ടായിരുന്നതിനേക്കാൾ സ്നേഹം തന്നോടാണെന്ന് ! തന്റെ പ്രായവും വാർദ്ധക്യവും അധികരിച്ചിട്ടും ഒരു കുഞ്ഞിനു വേണ്ടിയുള്ള പ്രാർത്ഥന നടത്തി, അല്ലാഹു അദ്ദേഹത്തിന് ഒരു സന്താനത്തെ പ്രദാനം ചെയ്തു. എന്നാൽ അതേ കുട്ടി കൊണ്ടു തന്നെ അവൻ അദ്ദേഹത്തെ പരീക്ഷിച്ചു. സ്വപ്നത്തിലൂടെ അവനെ അറക്കുവാനുള്ള നിർദ്ദേശം നല്കുന്നു. വാർദ്ധക്യത്തിൽ, അത്തരം ഒരു കുട്ടിയെ നല്കിയിട്ടും അദ്ദേഹം പ്രസ്തുത പരീക്ഷണത്തെ അതി

ജീവിക്കുന്നു.

അല്ലാഹുവിന്റെ സ്നേഹത്തിനായി തന്റെ പ്രിയപുത്രനെ ത്യജിക്കുവാൻ തയ്യാറാവുന്നു. ദൈവസ്നേഹത്തിന് പ്രധാന്യം കൊടുക്കുന്നു. ഏകനായ അല്ലാഹുവിലുള്ള വിശ്വാസസംരക്ഷണത്തിനായി മറ്റെല്ലാ കാര്യങ്ങളും ത്യജിക്കുന്നു. മഹത്തായ സ്ഥാന മാനങ്ങൾ നല്കി അദ്ദേഹത്തെ എങ്ങനെയാണ് അല്ലാഹു ബഹുമാനിച്ചതെന്ന് നോക്കുക.

അല്ലാഹു (ത) പറയുന്നു.

കരാർ പൂർത്തിയാക്കിയ ഇബ്റാഹീമിന്റെയും (വിശ്വാസ്യതയുടെ മഹത്തായ മാതൃക കാണിച്ചത് ഇബ്റാഹീം തന്നെയാണ്) (53 : 38)

പ്രയത്നമൊന്നുമില്ലാതെയല്ലാ അദ്ദേഹം ഇതൊക്കെ നേടിയത്. ജീവിത്തിലുടനീളം അദ്ദേഹം നിഷ്ക്കളങ്കത, വിശ്വസ്തത, അല്ലാഹുവിലുള്ള ഭയം ഇവ പുലർത്തുകയുണ്ടായി. അതു മാത്രമല്ല, സംശുദ്ധവും പരിപാപനവുമായ ഹൃദയം കൊണ്ടാണ് അദ്ദേഹം ഈ ബഹുമതിയൊക്കെ നേടിയത്.

ആയതിനാൽ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങളും, ആനുകൂല്യങ്ങളും സ്വീകരിക്കുന്നതിന്, ഹൃദയ പരിശുദ്ധികൊണ്ട് ഞാൻ അർത്ഥമാക്കുന്നത് ഹൃദയങ്ങളിൽ അല്പം പോലും ശിർക്ക് ഉണ്ടാകുവാൻ പാടില്ല. നമ്മുടെ ഹൃദയത്തിൽ വീടു വെയ്ക്കുന്ന വിഗ്രഹങ്ങളൊന്നുമുണ്ടാകുവാൻ പാടില്ല. ഇത് നിങ്ങളുടെ ഹൃദയത്തിൽ അവശേഷിപ്പിച്ചാൽ, പ്രസ്തുത വിഗ്രങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെ വേട്ടയാടുന്നതാണ്. നിങ്ങളിൽ അത് പ്രകടമാവുകയും ചെയ്യുന്നന്നതാണ്.

2000–ാം ആണ്ടിൽ, ദൈവീക വെളിപാടിന്റെ ആരംഭത്തിൽ അല്ലാഹു (ത) എന്നെ അറിയിക്കുകയുണ്ടായി. നിന്റെ ഹൃദയത്തെ നീ വെടിപ്പാക്കുക, ഒരു കണ്ണാടി പോലെ !

അതായത് നീ വെടിപ്പാക്കുന്ന അത്തരം കണ്ണാടി, അതിൽ പൊടിയില്ല, അഴുക്കില്ല, നിന്റെ മുഖം ഭംഗിയായി കാണുവാനും കഴിയും. അതുപോലെ നിങ്ങളുടെ ഹൃദയം നിങ്ങൾ വെടിപ്പാക്കി എടുക്കണം. സംശുദ്ധമായ ഒരു കണ്ണാടി പോലെ ! അല്ലാഹു (ത) നിങ്ങളുടെ ഹൃദയത്തിലേക്ക് നോക്കുമ്പോൾ, അഴു

ക്കിന്റെ ഒരംശവും അതിലുണ്ടാകുമ്പോൾ പാടില്ല ; അതിലൊരുഭാഗത്തും കാപട്യത്തിന്റെ ഒരംശവുമുണ്ടാകുവാൻ പാടില്ല. ഹൃദയം അത്തരത്തിൽ ശുദ്ധമാകുമ്പോൾ, അപ്പോൾ അവിടെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ ഇറങ്ങുന്നതാണ് ; അതൊടെ അന്ധകാരം പോയ് മറയും ; പ്രകാശം അവിടെ നിറയും. എന്നാൽ ഹൃദയത്തിൽ വിഗ്രങ്ങളുടെ അവശിഷ്ടങ്ങൾ കിടന്നാൽ അപ്പോൾ പ്രസ്തുത ഹൃദയം കടുത്ത അന്ധകാരത്താൽ, അഴുക്കിനാൽ, പൊടിയാൽ, വിഗ്രഹങ്ങളാൽ മേഘാവൃതമായിരിക്കും. അല്ലാഹുവിന്റെ ദൃഷാടന്തം അതിൽ ഇറങ്ങുന്നതല്ല. അതുകൊണ്ടു തന്നെ നിങ്ങൾക്ക് ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വാസം ഉണ്ടാകുന്നതാണ്.

അത്തരം ഹൃദയങ്ങളിൽ വെറുപ്പ് വ്യാപിക്കുന്നതാണ്. ഇതിനുള്ള പ്രതിവിധി പ്രസ്തുത വ്യക്തി ധാരാളം ദുആ ചെയ്യുക എന്നതാണ്. ഏതു ഹൃദയത്തിലാണ് വിഗ്രങ്ങൾ ഇരിക്കുന്നതെന്ന് അല്ലാഹുവിന് നന്നായി അറിയാം. അവൻ ഉദ്ദേശിക്കുകയാണെങ്കിൽ, അതിലെ വിഗ്രങ്ങളെല്ലാം നീക്കം ചെയ്യുവാൻ കഴിയുന്നതാണ്. എന്നാൽ അതിന് നിങ്ങൾ അല്ലാഹുവിനോട് നിഷ്ക്കളങ്കതയും വിശ്വസ്തതയും പുലർത്തേണ്ടതായിട്ടുണ്ട്. അല്ലാഹുവിന്റെ മുമ്പിൽ നിങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന, അവൻ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിനായി ഹസ്രത് ഇബ്റാഹീം (അ) യെ പോലെയും ഹസ്രത് നബികരീം (സ) നെയും സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിനായി ഹസ്രത് ഇബ്റാബീം (അ) കാണിച്ചുതു പോലുള്ള നിഷ്ക്കളങ്കതയും സത്യതയും പ്രകടിപ്പിക്കേണ്ടതുണ്ട്. ഈ മാതൃക അതായത് പ്രസ്തുത ആത്മാർത്ഥതയും സത്യതയും ഒരുവൻ പിന്തുടരുമ്പോൾ, അവൻ ഒരു അനുഗ്രഹീത വ്യക്തിയായി മാറുന്നു ; ജനം അവനെ ആക്ഷേപിച്ചാലും ശരി, അവന് അവർ വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിച്ചാലും ശരി, അപ്പോൾ അല്ലാഹു അവനിലേക്ക് വരികയും, അവനിലെ ആക്ഷേപങ്ങളെല്ലാം നീക്കം ചെയ്യുകയും, അവന് വേണ്ടതെല്ലാം ഹലാലായതെല്ലാ നല്കുകയും ചെയ്യുന്നു. എവിടെയാണോ അല്ലാഹു (ത) അവന്റെ അനുഗ്രഹത്തിന്റെയും ആനുകൂല്യങ്ങളുടെയും വാതിലുകൾ അവനായി തുറക്കുന്നത്, അപ്പോൾ അവൻ അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അനന്തരാവകാശിയായി മാറുന്നു.

അല്ലാഹു (ത) അവന്റെ സംരക്ഷകനായി (വലിയ്യ്) മാറുന്നു. എല്ലാ ഹൃദയങ്ങളുടെയും സാഹചര്യങ്ങൾ നന്നായി അറിയുന്നവൻ അവനാകുന്നു. അല്ലാഹുവിന്റെ യഥാർത്ഥ സ്നേഹം ആര് കരസ്ഥമാക്കുന്നുവോ, അവന്റെ സംരക്ഷകൻ, അല്ലാഹു ആയി തീരുന്നു.

വിശുദ്ധഖുർ ആൻ നിങ്ങൾ വായിക്കുമ്പോൾ, അല്ലാഹു പറയുന്നു അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു. അതിനാൽ ദൈവമാർഗത്തിൽ ഉറച്ചുനിന്ന വനായ ഇബ്റാഹീമിന്റെ മതത്തെ നിങ്ങൾ പിൻതുടരുക, അദ്ദേഹം ബഹുദൈവ വിശ്വാസികളിൽപ്പെട്ടവനായിരുന്നില്ല (3:96)

ഇബ്റാഹീം (അ) പ്രകടിപ്പിച്ച അസാധാരണമായ കീഴടങ്ങലും, ത്യാഗങ്ങളും നാം ഓരോരുത്തരും ഗാഢമായി ചിന്തിക്കേണ്ടതാണ്. അതിനായി ഞാൻ പ്രാർത്ഥിക്കുന്നു. അല്ലാഹു (ത) ഇത് എങ്ങനെയാണ് സ്വീകരിച്ചത് ? എങ്ങനെയാണ് പ്രതിഫലം നല്കിയത് ? ഇതും ചിന്തിക്കേണ്ടതുതന്നെ ! അദ്ദേഹം ഇതെല്ലാം ചെയ്തത് അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുന്നതിനു വേണ്ടിയാണ്. അതിൽ ഒന്നു പോലും അദ്ദേഹം പാഴാക്കുകയുണ്ടായില്ല. ഇസ്മായീൽ (അ) ന്റെ സമ്പൂർണ്ണ കീഴടങ്ങൽ സംബന്ധമായി കുട്ടികളും ചിന്തിക്കേണ്ടതാണ്. അല്ലാഹു (ത) എങ്ങനെയാണ് എല്ലാ കാലങ്ങളിലും അദ്ദേഹത്തെ ബഹുമാനിതനാക്കിയത് എന്നും ചിന്തിക്കുക.

അല്ലാഹുവിന്റെ മാർഗത്തിൽ ആത്മാർത്ഥയോടെ പൂർത്തിയാക്കുന്ന എല്ലാ ത്യാഗങ്ങളും അല്ലാഹു (ത) ഒരിക്കലും പാഴാക്കുകയില്ല. എനിക്കും നിങ്ങൾക്കും ഈ യഥാർത്ഥ ചൈതന്യം പകർന്നു തരുവാനായി ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. എപ്പോഴൊക്കെ നാം ത്യാഗം ചെയ്യുന്നുവോ അപ്പോഴൊക്കെ അത് അല്ലാഹു നമ്മിൽ നിന്ന് സ്വീകരിക്കട്ടെ ഇൻശാ അല്ലാഹ് ! ആമീൻ.

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**